# ക്ഷീണിക്കുമ്പോൾ ആശ്വാസമാകുന്ന ദൈവം

## സങ്കീർത്തനം 61:2

"ഹൃദയം ക്ഷീണിക്കുമ്പോൾ ഞാൻ ഭൂമിയുടെ അറ്റത്തുനിന്നു നിന്നെ വിളിച്ചപേക്ഷിക്കും. എനിക്ക് അത്യുന്നതമായ പാറയിങ്കലേയ്ക്ക് എന്നെ നടത്തേണമേ."

ദാവീദിന്റെ ഒരു സങ്കീർത്തനം; തന്റെ ഭാവിയെക്കുറിച്ച് വ്യാകുലപ്പെടുന്ന ഒരു ഭാഗം. തന്റെ മകനായ അബ്ശലോമിനെ ഭയന്ന്, താൻ പോകുമ്പോൾ രചിച്ചതായ സങ്കീർത്തനം. ഒരു മനുഷ്യന്റെ ഹൃദയം ക്ഷീണിക്കുന്നത് അവന് മാനസികസമ്മർദ്ദം അല്ലെങ്കിൽ ഭാരം ഉള്ളപ്പോളാണ്. ഇവിടെ ദാവീദിന്റെ സ്വന്തം മകൻ അവനെതിരെ തിരിഞ്ഞപ്പോൾ, അവന്റെ ഹൃദയം ക്ഷീണിച്ചു. അപ്പോൾ അവൻ ആശ്രയം വെച്ചത് തന്റെ ദൈവത്തിങ്കലാണ്. കാരണം, തന്നെ ഇത്രനാൾ നടത്തിയ, തന്റെ അവസ്ഥയ്ക്ക് മാറ്റം വരുത്തിയ, ദൈവത്തിനു മാത്രമേ തന്റെ ഹൃദയത്തെ അറിയാൻ പറ്റൂ. ഇന്ന് നമ്മുടെ ചില ഭാരമേറിയ വിഷയങ്ങളിൽ, തളർന്നുപോകുന്ന നിമിഷങ്ങളിൽ നാം അഭയം കണ്ടെത്തുന്നത്, ഈ ദൈവത്തിങ്കലാണോ? നമ്മെ ഉള്ളതുപോലെ അറിയുന്നവൻ ഒരുവൻ മാത്രം, അത് നമ്മുടെ ദൈവം ആണ്. അതു കൊണ്ടാണ് വചനത്തിൽ ഇപ്രകാരം നാം കാണുന്നത്: അവന്റെ മുമ്പിൽ സകലവും നഗ്നവും മലർന്നതുമായി കിടക്കുന്നു. അതിനുശേഷം നാം കാണുന്നത്; എനിക്ക് അത്യുന്നതമായ പാറയിങ്കലേയ്ക്ക് എന്നെ നടത്തേണമേ.

സങ്കീ. 62:2ൽ ഇപ്രകാരം കാണുന്നു. "അവൻ തന്നെ എന്റെ പാറയും എന്റെ രക്ഷയും ആകുന്നു." ഈ ദൈവം എന്റെ പാറയാകുന്നു ആ പാറയിങ്കലേക്ക് എന്നെ നടത്തേണമേ. ആവർത്തനപുസ്തകം 32:4ൽ നാം കാണുന്നു. "അവൻ പാറ, അവന്റെ പ്രവൃത്തി അത്യുത്തമം, അവന്റെ വഴികളൊക്കെയും ന്യായം: അവൻ വിശ്വസ്തതയുള്ള ദൈവം, വ്യാജമില്ലാത്തവൻ; നീതിയും നേരുമുള്ളവൻ തന്നെ."

ദാവീദിനു, തന്റെ ജീവിതത്തിൽ പ്രവൃത്തിച്ച ദൈവത്തെ, തന്റെ ഏതു പ്രശ്നങ്ങളെയും പരിഹരിക്കാൻ കഴിവുള്ളവനെ, നന്നായി അറിയാമായിരുന്നു. ഇന്ന് നാം ആയിരിക്കുന്ന അവസ്ഥയിൽ ആരൊക്കെ ഉപേക്ഷിച്ചാലും ഉപേക്ഷിക്കാത്ത ഒരു ദൈവത്തിലാണോ നാം അടിസ്ഥാനം പണിതിരിക്കുന്നത്. എങ്കിൽ അവൻ നമ്മെ അവസാനത്തോളം കരുതുവാൻ ശക്തനാണ്. അവന്റെ പ്രവൃത്തി അത്യുത്തമമാണ്.

അതേ പ്രിയ ദൈവജനമേ, ഇന്ന് നാം തളർന്നിരിക്കുന്ന അവസ്ഥയിലാണോ, ഹൃദയ ഭാരത്താൽ ഞെരുങ്ങുന്നവരാണോ, പലവിധ പഴികളെയും, ഒറ്റപ്പെടുത്തലുകളെയും

അനുഭവിക്കുന്നവരാണോ, എങ്കിൽ നാം വിശ്വസിക്കുന്ന നമ്മുടെ ദൈവസന്നിധിയിൽ കടന്നുചെന്നു, നമ്മുടെ ഭാരങ്ങളെ ഇറക്കിവെയ്ക്കാം. ആ അത്യുന്നതമായ പാറയിൽ നമുക്ക് ആശ്രയം വെക്കാം. അവൻ നമ്മെ വഴിനടത്താൻ ശക്തനാണ്. നമ്മുടെ ഹൃദയങ്ങളെ ദൈവസന്നിധിയിൽ പകരാൻ ദൈവം നമ്മെ ഇടയാക്കട്ടെ. ആമേൻ

**പരമാർശം:**

സങ്കീർത്തനം 71:5

യഹോവയായ കർത്താവേ, നീ എന്റെ പ്രത്യാശയാകുന്നു; ബാല്യം മുതൽ നീ എന്റെ ആശ്രയം തന്നെ.

**ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 025**